* ഒത്തൊരുമിക്കാം മുന്നേറാം *

# മണിയൂർ യു പി സ്കൂൾ

പി ഒ മണിയൂർ പയ്യോളി വഴി

കോഴിക്കോട് ജില്ല പിൻ 673523

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷൻ 100

## ആമുഖം

മണിയൂർ തെരുവിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന മണിയൂർ യു പി സ്കൂൾ 1949 ലാണ് സ്ഥാപിത മായത്.ഉണിനെയ്ത്ത് തൊഴിലാളികൾ തിങ്ങിപാർക്കുന്ന തെരു വിലെ വീട്ടുകളിലുള്ള കുട്ടികൾക്ക് അറിവിന്റെ വെളിച്ചം പകരുന്നതിനായി ശ്രീ തെരു പ്പാണ്ടി  ചന്തു അവർകളാണ് വിദ്യാലയം സ്ഥാപിച്ചത്.5 മുതൽ 7 വരെ ക്ലാസുകൾ ഉള്ള ഈ വിദ്യാലയത്തിൽനിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ കേരളത്തിലും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും വിദേശ രാജ്യങ്ങളിലുമായി ഉയർന്ന ജോലിയിൽ ഏർപ്പെട്ടി രിക്കുന്നു.ശാസ്ത്രജ്ഞൻമാർ,ഡോക്ടർമാർ,എഞ്ചിനിയർമാർ ,ഡി ഇ ഒ,എ ഇ ഒ ,തുടങ്ങി വിവിധ തസ്തി കകളിൽ ജോലി ചെയ്യുന്നവർ ഉണ്ട്.എല്ലാ വീട്ടിലും ഒരു സർക്കാർ ജോലി യുള്ളവരെങ്കിലും ഇവിടെയുണ്ട്. വീട്ടി ലുള്ള എല്ലാവരും സർക്കാർ ജോലി ചെയ്യുന്ന വീട്ടു കളും ഉണ്ട്.ഇവരെല്ലാം തന്നെ വിദ്യാഭ്യാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചത് ഈ വിദ്യാലയത്തിൽനിന്നാണ് എന്നത്  നമുക്ക് അഭിമാനകരം തന്നെയാണ്.

ഇന്ന്  ഈ വിദ്യാലയത്തിൽ 5 മുതൽ 7 വരെ ക്ലാസുകളിലായി 253 കുട്ടികൾ പഠിക്കു ന്നുണ്ട്. 15 അധ്യാപകരും ഒരു ഓഫീസ് അറ്റന്ററുമാണ് ഉള്ളത്.ഭൗതിക സാഹ ചര്യത്തിൽ ഒരു വിധം മെച്ച പ്പെട്ടതാണെങ്കിലും സ്ഥലപരിമിതി ഉള്ളതിനാൽ മെച്ചപ്പെട്ട സ്കൂൾ പരിസരം ഒരുക്കുന്നതിന് കഴിയു ന്നില്ല.എന്നാൽ പരിമിതികൾക്ക് ഉ ള്ളിൽ നിന്നു കൊണ്ട് പരമാവധി മെച്ചപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. പ്രവർത്ത നം നിലച്ച കമ്പ്യൂട്ടറുകളാണ് ഉള്ളത് എന്നതിനാൽ സാങ്കേതിക വിദ്യയുടെ മികവുകൾ കുട്ടികളിൽ എത്തിക്കുന്നതും പ്രയാസകരമാണ്.എന്നാൽ എല്ലാ അധ്യാപകർക്കും ലാപ് ടോപ് ഉണ്ട് എന്നത് ഒരു മെച്ചമായി കാണാം.

മണിയൂർ യു പി സ്കൂൾ മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങളും ലക്ഷ്യപ്രാപ്തിക്കായുള്ള പ്രവർത്തനങ്ങളും ഇവിടെ സൂചിപ്പിക്കുന്നു.

## I.മലയാള ഭാഷ

**ലക്ഷ്യം 1.** *വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളേയും മലയാള ഭാഷയിലെ എല്ലാ അക്ഷര ങ്ങളും അറിയുന്നവരാക്കുകയും വാക്കുകളും വാക്യങ്ങളും വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ള വരാക്കുകയും അങ്ങിനെ ഭാഷയിലുള്ള ശേഷികൾ നേടിയി ട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.*

<u>*പ്രവർത്തനം*</u>

അക്ഷര കാർഡുകൾ നൽകുകയും അവ ഉപയോഗിച്ച് വാക്കുകൾ രൂപീകരിക്കുയും ചെയ്യുന്നു. വാക്കുകൾ നോട്ട് പുസ്തകത്തിൽ എഴുതുന്നു .പുതിയ പുതിയ വാക്കുകൾ രൂപീകരിക്കുകയും എഴുതുകയും ചെയ്ത ശേഷം അവ ഉപ യോഗിക്കാവുന്ന വാക്യങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നു.പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. എല്ലാ കുട്ടികളും അക്ഷരജ്ഞാനമുള്ളവരാണ് എന്ന് ഉറപ്പിക്കുന്നു.അനുയോജ്യമായ ചില കളികൾ കളിക്കുന്നു. (ആഭരണമണിയിക്കൽ,ചിഹ്നം മാറ്റി പുതിയ വാക്കുകൾ,പദപന്ത് കളി,അക്ഷര കഥകൾ അക്ഷര കവിത,പദസൂര്യൻ)

**ലക്ഷ്യം 2.** *അക്ഷരസ്ഫുടതയോടെ വായിക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള കഴിവ് നേടുക*

<u>***പ്രവർത്തനം***</u>

പാഠപുസ്തകങ്ങളും ലൈബ്രറികളും വായിപ്പിക്കുകയും വായനയുടെ ഒഴുക്ക് പരിശോധിക്കുകയും ചെയ്യുന്നു.വായിച്ച ശേഷം കഥാസാരം സ്വന്തം ഭാഷയിൽ പറയിപ്പിക്കുന്നു.മൗനവായനയും ഉച്ചത്തിലുള്ള വായനയും പരിശീലിപ്പിക്കുന്നു.

**ലക്ഷ്യം 3.** *സാഹിത്യ സൃഷ്ടികളായ കഥ,കവിത,തുടങ്ങിയവ വായിക്കുന്നതിനും അതിലൂടെ ഭാഷ യുടെ ഭംഗി ആസ്വദിക്കുന്നതിനും കഴിവുള്ളവരാക്കി മാറ്റുക. വായനകുറിപ്പ് ആസ്വാദനകുറിപ്പ് എന്നിവ തയ്യാറാക്കുന്നതിന് കഴിവ് നേടുക.*

<u>***പ്രവർത്തനം***</u>

ക്ലാസ് ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ എടുത്ത് വായിക്കുന്നതിനും വായിച്ച പുസ്തകങ്ങളെ അധി കരിച്ച് വായന കുറിപ്പ് ,ആസ്വാദനകുറിപ്പ് എന്നിവ തയ്യാറാക്കുന്നതിനും ആവശ്യ

പ്പെടുന്നു. എഴുതിയ വായനകുറിപ്പ് വൈകുന്നേരങ്ങളിലോ ഒഴിവു പിരീഡോ ക്ലാസിൽ അവതരിപ്പിക്കുന്നു.മികച്ച വായന കുറിപ്പുകൾ ശേഖരിച്ച് വിലയിരുത്തുകയും മാസത്തിൽ ഒന്ന് എന്നതോതിൽ മികച്ചതിന് സമ്മാനം നൽകുകയും ചെയ്യുന്നു.

**ലക്ഷ്യം 4-***സഭാകമ്പമില്ലാതെ മനസ്സിലുള്ള ആശയങ്ങൾ സുഹൃത്തുക്കളുടെ മുമ്പിൽനിന്ന് പറയുന്നതിനുള്ള ശേഷി ഉണ്ടാവുക.ഇതിലൂടെ പ്രസംഗകലയിൽ പ്രാവീണ്യം നേടുക.*

*പ്രവർത്തനം*

വിവിധ ദിനാചരണങ്ങളുടെ ഭാഗമായി ഏതെങ്കിലും സാഹിത്യകാരൻമാരെപ്പറ്റിയുള്ള ഒരു വിഷയം ഓരോ കുട്ടിക്കും നൽകുകയും ആ വിഷയത്തെ അധികരിച്ച് റഫറൻസിലൂടെ ആശയങ്ങൾ കണ്ടെത്തി സദസ്സിനു മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുക.മികച്ച അവതരണം കാഴ്ച വയ്ക്കുന്ന കുട്ടിക്ക് പ്രോൽ സാഹനം നൽകുക എല്ലാ ക്ലാസിലും ഈ പ്രവർത്തനങ്ങൾ നടത്തി സ്കൂൾ തലത്തിൽ ഒരു ടാലന്റ് ഗ്രൂപ്പിനെ സൃഷ്ടിക്കുക. എല്ലാമാസവും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രസംഗ മൽസരം നടത്തി സമ്മാനം നൽകുക

**ലക്ഷ്യം 5-*കഥകഥപൈങ്കിളി*** *- കഥ ,കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ നടത്തുവാൻ കുട്ടികളെ കഴിവുള്ളവരാക്കുയും അങ്ങിനെ ഭാഷയുടെ സർഗാത്മകത അറിയുകയും അനുഭവിക്കുകയും ചെയ്യാൻ പ്രാപ്തരാക്കുക*

*പ്രവർത്തനം*

കഥാ, കവിതാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതിൽ വിദഗ്ധരായ സാഹിത്യകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലാസുകൾ നടത്തുകയും ചെയ്യുന്നു.എല്ലാ കുട്ടികളേയും ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു.ടിപ് ആക്ടിവിറ്റിയിലൂടെ കുട്ടികളുടെ കഴിവ് പരിശോധിക്കുകയും അത്തരം കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുകയും ചെയ്യുന്നു.ക്യാമ്പിൽ കഥ കവിത തുടങ്ങിയവ രൂപപ്പെടുന്നു.അവ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. മികച്ച സൃഷ്ടികൾ കിളിവാതിൽ സ്കൂൾ മാഗസീനിലേക്ക് ചേർക്കുന്നു.ഇത്തരം കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു.

**ലക്ഷ്യം 6 -*കാവ്യം സുഖേയം*** *-കവിതാ പാരായണ പരിശീലനത്തിലൂടെ കുട്ടികൾക്ക് കവിത ആസ്വദിക്കുന്ന തിനും ഈണത്തിൽ ചൊല്ലുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക.*

<u>*പ്രവർത്തനം*</u>

ഈണത്തിൽ ചൊല്ലാൻ കഴിയുന്ന കവിതകൾ തെരഞ്ഞെടുത്ത് കുട്ടികളെക്കൊണ്ട് ചൊല്ലിക്കുന്നു. You Tube-ൽനിന്ന് കവിതകൾ download ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. കവിതാ പാരായണ മൽസരം നടത്തി നന്നായി കവിത ചൊല്ലുന്നവരെ തെരഞ്ഞെടുക്കുന്നു. കാവ്യ സായാഹ്നം പരിപാടിനടത്തുന്നു.

ലക്ഷ്യം-6. **I C T** *സാധ്യകൾ ഉപയോഗപ്പെടുത്തി സാഹിത്യ നായകൻമാരെ പരിചയപ്പെടുത്തുക.*

<u>*പ്രവർത്തനം*</u>

You Tube-ൽനിന്ന് സാഹിത്യകാരൻമാരുടേയും കവികളുടേയും സൃഷ്ടികൾ തെരഞ്ഞെടുത്ത് കേൾപ്പി ക്കുന്നു. കവികളുടെ ജീവിത കാലം കൃതികൾ കൃതികളുടെ ദൃശ്യാവിഷ്കാരം തുടങ്ങിയവ അനുഭവിച്ചറിയുന്നു.

**II അറബിക്**

ലക്ഷ്യം 1 -*എല്ലാ കുട്ടികൾക്കും അറബിക് ഭാഷ ഫലപ്രദമായി സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള ശേഷി വർദ്ധിപ്പിക്കുക*

<u>*പ്രവർത്തനം*</u>

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക പ്രത്യേക പരിശീലനം നൽകുകയും അക്ഷര കാർഡുകൾ നൽകി അക്ഷരം ഉറപ്പിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു. അറബിക് ഭാഷ ശരിയായ രീതിയിൽ വായിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. ഇതിനായി ഓഡിയോ കാസറ്റുകൾ കേൾപ്പിക്കുന്നു. കുട്ടികളെക്കൊണ്ട് ചിത്രകഥ, കഥാ പുസ്തകങ്ങൾ, കുട്ടിക്കവിതകൾ തുടങ്ങിയവ വായിപ്പിക്കുന്നു. കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു. അറബിക് ലാംഗ്വേജ് ലാബിലൂടെ ധാരാളം വി ഡി യോ കഥകൾ ഗാനങ്ങൾ തുടങ്ങിയവ കേൾപ്പിക്കുന്നു.

ലക്ഷ്യം 2- - *പദപരിചയം -കുട്ടികൾക്ക് അറബിക് പദങ്ങൾ പരിചയപ്പെടുത്തുന്നതിനും അങ്ങിനെ വാക്യങ്ങൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നതിനും കഴിയുക*

<u>*പ്രവർത്തനം*</u>

ആഴ്ചയിൽ ഒരിക്കൽ കഥയെഴുതുന്നു.അതിനായി ഏതാനും വാക്കുകൾ നോട്ടീസ് ബോർഡിൽ പതി ക്കുന്നു.ഈ വാക്കുകൾ ഉപയോഗിച്ച് കഥ രൂപീകരിക്കാവുന്നതാണ്.ഏറ്റവും നല്ല കഥ രചിച്ച കുട്ടിക്ക് സമ്മാനം നൽകുന്നു.

ലക്ഷ്യം 3-*കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുക*

<u>*പ്രവർത്തനം*</u>

അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുകയും കുട്ടികളുടെ വിവിധ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. അതുപോലെ കൈയെഴുത്ത് മൽസരം,പോസ്റ്റർ നിർമ്മാണ മൽസരം തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

## III ഉറുദു

ലക്ഷ്യം 1- *എല്ലാ കുട്ടികൾക്കും ഉറുദു ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷിവികസിപ്പിക്കുക*

<u>*പ്രവർത്തനം*</u>

- അക്ഷര കാർഡുകൾ -

അക്ഷരം ഉറപ്പിക്കുന്നതിനായി അക്ഷര കാർഡുകൾ ഉപയോഗിക്കുന്നു.അവ ഉപയോഗിച്ച് വാക്കുകൾ
നിർമ്മിക്കയും വാക്യങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

- വായനാ കാർഡുകൾ -

പഴം ,പച്ചക്കറികൾ ,മൃഗങ്ങൾ ,പക്ഷികൾ തുടങ്ങിയവയുടെ ചിത്രങ്ങളും ലഘു വിവരണങ്ങളും ഉള്ള
വായനാ കാർഡുകൾ നിർമ്മിക്കുകയും അവ കുട്ടികൾക്ക് നൽകി വായന പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ലക്ഷ്യം 2 -*കുട്ടികളുടെ സർഗ വാസനകൾ പരിപോഷിപ്പിക്കുക.*

<u>*പ്രവർത്തനം*</u>

ഉറുദു സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കുകയും കുട്ടികളുടെ സർഗ വാസനകൾ പ്രകടിപ്പി ക്കുന്നതിനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു.അതുപോലെ ഉറുദു പ്രദർശനങ്ങൾ സംഘടി പ്പിക്കുന്നു.ഉറുദു ഗീതങ്ങൾ ഗസലുകൾ തുടങ്ങിയവ കേൾപ്പിക്കുന്നു.ഉറുദു ലൈബ്രറി വായിപ്പിക്കുകയും
വായനാ കുറിപ്പ് എഴുതിക്കുകയും ചെയ്യുന്നു.

## IV- സംസ്കൃതം

ലക്ഷ്യം 1 – *പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടി.*

*പ്രവർത്തനം*

പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.അക്ഷര കാർഡുകൾനൽകി വായിപ്പിക്കുന്നു.കമ്പ്യൂട്ടറുകളുടെ സഹായത്താൽ ഉച്ചാരണം കേൾപ്പി ക്കുകയും അക്ഷരം കാണി ക്കുകയും ചെയ്യുന്നു.കുട്ടികൾക്ക് അക്ഷര ഗൈമുകൾ ടാബിൽനിന്ന് കളിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നു.ക്രിയാ പദങ്ങൾ നാമ പദങ്ങൾ തുടങ്ങിയവ തിരിച്ചറിയുന്നതിനുള്ള പരിശീലനം നൽകുന്നു.

ലക്ഷ്യം 2 -*കുട്ടിയെ നല്ല വായനക്കാരാക്കുക*

*പ്രവർത്തനം*

സംസ്കൃത ലൈബ്രറി നൽകുകയും അവ ക്ലാസിൽ വായിപ്പിക്കുകയും ചെയ്യുന്നു.വായിച്ച പുസ്തകത്തെ അടിസ്ഥാനമാക്കി ലഘു കുറിപ്പ് തയ്യാറാക്കുന്നു.ഏറ്റവും നല്ല കുറിപ്പ് തയ്യാറാക്കിയ കുട്ടിക്ക് പ്രതിമാസം സമ്മാനം നൽകുന്നു.

ലക്ഷ്യം 3-*സംസ്കൃത ഭഷയിൽ താൽപ്പര്യം ഉണ്ടാക്കുക*

*പ്രവർത്തനം*

സംസ്കൃത ഭാഷയിൽ താൽപ്പര്യം ഉണ്ടാക്കുന്നതിനായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.സംസ്കൃത അസംബ്ലി,സംസ്കൃത ഐഡന്റിറ്റി കാർഡ്,സംസ്കൃത

പ്രശ്നോത്തരി,ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ,സംസ്കൃത കൈയെഴുത്ത് മാസിക,ദിനാചരണങ്ങൾ, സംസ്കൃത പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നു.

ലക്ഷ്യം 4- *സർഗവാസനകൾ പരിപോഷിപ്പിക്കുക*

*പ്രവർത്തനം*

സംസ്കൃതോൽസവം സംഘടിപ്പിക്കുയും പ്രതിമാസ സാഹിത്യ സമാജങ്ങൾ സംഘടിപ്പക്കുകയും ചെയ്യുന്നു.ഇത്തരം പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.

## IV ഇംഗ്ലീഷ്

**ലക്ഷ്യം-1.** *വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളേയും ഇംഗ്ലീഷ് അക്ഷരങ്ങൾ അറിയാവുന്നവരാക്കി മാറ്റുക ഇംഗ്ലീഷ് ലൈബ്രറികൾ വായിക്കാനും പാഠപുസ്തകങ്ങൾ വായിക്കുവാനും പ്രാപ്തരാക്കുക.*

*പ്രവർത്തനം*

ഇംഗ്ലീഷ് അക്ഷര കാർഡുകൾ നിർമ്മിച്ച് കുട്ടികൾക്ക് നൽകുന്നു.അവ ഉപയോഗിച്ച് പുതിയ പുതിയ വാക്കുകൾ നിർമ്മിക്കുന്നതിന് ആവശ്യപ്പെടുന്നു.ഇവ നോട്ട്ബുക്കിൽ എഴുതി വെയ്ക്കുന്നു.പിയർ ഗ്രൂപ്പിനെ ഉപയോഗിച്ച് ശരി യാണോ എന്ന് പരിശോധിക്കുന്നു.തുടർച്ചയായ പരിശീ ലനത്തിലൂടെ വാക്കുകൾ വായിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.അതിനുശേഷം പാഠപുസ്തകങ്ങൾ വായിപ്പിക്കുന്നു.പാഠങ്ങൾ വായിക്കാൻ പ്രയാസമുള്ളവരെഅധ്യാപകൻ പ്രത്യേക പരിഗണന നൽകുന്നു.ഒഴിവ് സമയങ്ങളിലും സ്കൂൾ സമയത്തിന് മുൻപും ശേഷവുംഈ പ്രവർത്തനങ്ങൾ ചെയ്യുന്നു.

**ലക്ഷ്യം-2.** *ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നതിനും ആശയ സ്വാംശീകരണം നടത്തുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുക.*

*പ്രവർത്തനം*

പാഠപുസ്തകങ്ങൾ, പേപ്പർ കട്ടിംഗുകൾ, തുടങ്ങിയവ നൽകുന്നു. ഇവ ഉറക്കെ വായിക്കുകയും അതിലുള്ള ആശ യങ്ങൾ അടിസ്ഥാനമാക്കി അഭിനയിക്കുകയും ചെയ്യുന്നു.അതുപോലെ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുന്ന ക്ലാസ് ലൈബ്രറി തുടങ്ങുകയും പുസ്തകങ്ങൾ കുട്ടികൾക്ക്

നൽകുകയും ചെയ്യുന്നു.ഇവ വീട്ടിൽനിന്ന് വായിക്കു കയും ആശയരൂപീകരണം നടത്തുകയും ചെയ്യുന്നു.ആവശ്യമെങ്കിൽ രക്ഷിതാവിന്റെ സഹായം തേടാം.കഥഎന്താണെന്ന് ക്ലാസിൽനിന്ന് സ്വന്തം ഭാഷയിൽ വിശദീകരിക്കുന്നു.

**ലക്ഷ്യം-3.** *വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.*

*പ്രവർത്തനം*

വായനാ കുറിപ്പ് തയ്യാറാക്കുന്നു. ഇഷ്ടകഥാപാത്രത്തെപ്പറ്റി ക്ലാസിൽ പറയുന്നു.എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു എന്ന് സ്വന്തം ഭാഷയിൽ വിശദീകരിച്ചുകൊണ്ട് ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു.Book Review,Debate തുടങ്ങിയവ നടത്തുന്നു.

**ലക്ഷ്യം-4.** *ഇംഗ്ലീഷിലുള്ള ഭാഷണങ്ങൾ ശ്രവിക്കുന്നതിനും ആശയങ്ങൾ മനസ്സിലാക്കുന്നതിനും കഴിവ്നേടുന്നു.*

*പ്രവർത്തനം*

ഇംഗ്ലീഷ് സിനിമകൾ, ഷോർട്ട് ഫിലീമുകൾ ,ടി വി ന്യൂസ് തുടങ്ങിയവ ശ്രവിക്കുന്നതിനും ICT സാധ്യതകൾഉപയോഗിച്ച് You Tube ൽനിന്ന് ഇംഗ്ലീഷ് പ്രസംഗങ്ങളും സംഭാഷണങ്ങളും കേൾപ്പിക്കുന്നതിനും അവസരം ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുന്നു.വാർത്താ പ്രക്ഷേപണത്തിന് സ്കൂളിൽ അവസരമൊരുക്കുന്നു.Teacher Talk ലൂടെ ക്ലാസിൽനിന്ന് ലഭിച്ച വിവരങ്ങളെ അടിസ്ഥാ നമാക്കി ഡയറി തയ്യാറാക്കുന്നതിനും പരിശീലിപ്പിക്കുന്നു.Spoken English ക്ലാസുകൾ സംഘടിപ്പിക്കുന്നു.

## VI ഹിന്ദി

ലക്ഷ്യം 1- *വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളേയും ഹിന്ദി ഭാഷയിലെ എല്ലാ അക്ഷരങ്ങളും അറിയുന്നവരാക്കുകയും വാക്കുകളും വാക്യങ്ങളും വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ള വരാക്കുകയും അങ്ങിനെ ഭാഷയിലുള്ള ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.*

പ്രവർത്തനം

ഹിന്ദി അക്ഷരങ്ങൾ എഴുതിയ കാർഡുകൾ,സ്വരചിഹ്നങ്ങൾ എഴുതിയ കാർഡുകൾ എന്നിവ നൽകി വാക്കുകൾ ,വാക്യങ്ങൾ തുടങ്ങിയവ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.വാക്കുകൾ ശരിയാണോ എന്ന് അധ്യാപകൻ പരിശോധിക്കുന്നു.പിയർ ഗ്രൂപ്പിനെക്കൊണ്ട് പരിശോധിപ്പിക്കുന്നു.ചില വലിയ വാക്കു കൾ നൽകി അതിലെ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറിയ ചെറിയ വാക്കുകൾ നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നു.ഇവ വായിപ്പിക്കുകയും ഇവ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കുവാൻ പരിശീലിക്കു ന്നു.വാക്കുകൾ ഉച്ചത്തിൽ വായിക്കുന്നതിന് പരിശീലിപ്പിക്കുന്നു.അതുപോലെ പാഠപുസ്തകങ്ങൾ വായിപ്പിക്കുന്നു.അക്ഷര ചാർട്ടുകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.പച്ചക്കറികൾ ,പഴങ്ങൾ ,പൂവുകൾ തുടങ്ങിയവയും മൃഗങ്ങൾ,പക്ഷികൾ ,തുടങ്ങിയവയുടെ ചിത്രങ്ങളും ഉപയോഗിച്ച് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.

ലക്ഷ്യം 2-*ഹിന്ദിയിലുള്ള കഥാപുസ്തകങ്ങളും മറ്റു ലൈബ്രറി പുസ്തകങ്ങളും വായിക്കുന്നതിനും ആശയങ്ങൾ ഗ്രഹിക്കുന്നതിനുമുള്ള കഴിവ് നേടുന്നു.*

*<u>പ്രവർത്തനം</u>*

ക്ലാസ് ലൈബ്രറിയിൽനിന്ന് ഹിന്ദിയിലുള്ള പുസ്തകങ്ങൾ എടുത്ത് കുട്ടികൾ വായിക്കുന്നു.കുട്ടികൾ വായിക്കുന്നുണ്ടെന്ന് അധ്യാപിക ഉറപ്പ് വരുത്തുന്നതിനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു ആശയങ്ങൾ സ്വന്തം ഭാഷയിൽ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.ഇതിന് പിയർ ഗ്രൂപ്പിനെ ഉപയോഗപ്പെടുത്തുന്നു.

ലക്ഷ്യം 3-*വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ലഘു കുറിപ്പ് തയ്യാറാക്കുന്നതിനും അവ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും കഴിയുക*

*<u>പ്രവർത്തനം</u>*

ചെറിയ കഥാപുസ്തകങ്ങൾ നൽകുന്നു.ഇവ വായിക്കുകയും വായനാ കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.തയ്യാറാക്കിയ വായനാ കുറിപ്പിൽ സൂചിപ്പിച്ച കാര്യങ്ങൾ സഹപാഠികളുടെ മുമ്പിൽ അവതരിപ്പിക്കു ന്നു.തുടർച്ചയായി ഇത് നടത്തുന്നതിലൂടെ സഭാകമ്പമില്ലാതെ ഹിന്ദി സംസാരി ക്കുന്നതിനുള്ള കഴിവ് നേടുന്നു.സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കുന്നു.

ലക്ഷ്യം 1-എല്ലാ കുട്ടികൾക്കും അക്കങ്ങൾ ,സംഖ്യകൾ എന്നിവയെപ്പറ്റി മനസ്സിലാകുന്നതിനും അതിലൂടെ സംഖ്യകൾ വായിക്കുന്നതിനും വലുത് ചെറുത് എന്നിവയും ആരോഹണാവരോഹണ ക്രമവും തിരിച്ചറിയുന്നതിനും കഴിയുക

*പ്രവർത്തനം*

സംഖ്യാ കാർഡുകൾ ,അക്ക കാർഡുകൾ ,സ്ഥാനവില പോക്കറ്റുകൾ തുടങ്ങിയവ നിർമ്മിക്കുന്ന തിനാ യി ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു .ഇവ ഉപയോഗിച്ച് സംഖ്യകൾ പറയുകയും അക്ക ത്തിലും അക്ഷരത്തിലും എഴുതുകയും ചെയ്യുന്നു. സ്ഥാനവില പോക്കറ്റിൽ അക്കങ്ങൾ നിക്ഷേ പിച്ച് സംഖ്യ വാ യിക്കുന്നതിനുള്ള പരിശീലനം നൽകുന്നു.അതിന്റെ അടിസ്ഥാ നത്തിൽ ഏതാനും സംഖ്യകൾ നൽകിഅവ ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും എഴുതുവാൻആവശ്യപ്പെടുന്നു.അതിനാവശ്യ മായ പരിശീലനം നൽകുന്നു.പിയർ ഗ്രൂപ്പിനെ ഇതിനായി ഉപയോഗപ്പെടുത്തുന്നു. പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ പരിശീലനം നൽകുന്നു.

*ലക്ഷ്യം 2-ചതുഷ് ക്രിയകളിൽ മികച്ച കുട്ടികളായിമാറുന്നതിനും അതിലൂടെ ഗണിത പഠനത്തിൽ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും കഴിയുക*

*പ്രവർത്തനം*

ധാരാളം കളിനോട്ടുകൾ നിർമ്മിക്കുന്നു.വിവിധ ഷോപ്പുകൾ വിവിധ കോണുകളിൽ രൂപീകരിച്ച് കളി നോട്ടുകൾ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു.ഈ പ്രവർത്ത്നത്തിൽ സാധനങ്ങളുടെ വിലവിവര പ്പട്ടിക അടിസ്ഥാനമാക്കി സാധനങ്ങളുടെ വില പറയേണ്ടി വരുന്നു.ആകെ തുക ,നൽകേണ്ട തുക,നൽകുന്നതും കഴിച്ച് ബാക്കി തുക ഒരു സാധനത്തിന്റെ വിലയെ അടിസ്ഥാനമാക്കി കൂടുതൽ സാധനത്തി ന്റെ വില, തുടങ്ങി ചതുഷ്ക്രിയകൾ ചെയ്യുന്നതി നുള്ള ധാരാളം അവസരങ്ങൾ നൽകുന്നു.ഇതിലൂടെ കൃത്യതയോ ടേയും സൂക്ഷ്മതയോടേയും ചതുഷ് ക്രിയകൾ ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും ഗണിത പഠനത്തിൽ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിയർ ഗ്രൂപ്പിന്റെ സഹായം ലഭ്യമാക്കുന്നു.

*ലക്ഷ്യം 3-സംഖ്യാ പാറ്റേൺ ജ്യാമിതീയ പാറ്റേൺ തുടങ്ങിയവ മനസ്സിലാക്കുകയും ഗണിത ഭംഗി ആസ്വദിക്കുകയും ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.*

*പ്രവർത്തനം*

വിദഗ്ധരായ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കുകയും സംഖ്യാ പാറ്റേണ കളും ജ്യാമിതീയ പാറ്റേണുകളും നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു.

*ലക്ഷ്യം 4- എല്ലാ ക്ലാസിലുമുള്ള ഗണിതത്തിലെ പഠന നേട്ടങ്ങൾ ലഭിച്ചു എന്ന് ഉറപ്പിക്കുക*

*പ്രവർത്തനം*

5,6,7 ക്ലാസുകളിലെ പഠന നേട്ടങ്ങൾ ലിസ്റ്റ് ചെയ്ത് അവ നേടിയോ എന്ന് പരിശോധിക്കുന്നതിനുള്ള Module തയ്യാറാക്കുന്നു.അതുപയോഗിച്ച് പരിശോധന നടത്തുകയും പരിഹാര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

*ലക്ഷ്യം 5- ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ഗണിതശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തുക*

*പ്രവർത്തനം*

സ്ലൈഡ് നിർമ്മാണം-ഗണിത ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ,ലഘു കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ലൈഡുകൾ തയ്യാറാക്കുന്നു. ഇവ പ്രദർശിപ്പിക്കുകയും ഇതിനെ അടിസ്ഥാനമാക്കി കുട്ടികൾ ലഘു ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.കുട്ടികൾ സ്വന്തമായി തയ്യാറാക്കുന്ന കുറിപ്പുകളെ അടിസ്ഥാനമാക്കി സ്ലൈഡുകൾ നിർമ്മിക്കുകയും ചെയ്യുന്നു.ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ നെറ്റിൽനിന്ന് down load ചെയ്യുന്നു.

*ലക്ഷ്യം 6-ഗണിത പസിലുകൾ പ്രദർശിപ്പിക്കുകയും ഇവയുടെ ഉത്തരങ്ങൾ കണ്ടെത്തുന്നതിലൂടെ യുക്തിചിന്ത വളർത്തുകയും ചെയ്യുക.*

*പ്രവർത്തനം*

Who will win? ഗണിത പസിലുകൾ ഡിസ്പ്ലേ ബോർഡിലൂടെ പ്രദർശിപ്പിക്കുകയും (ആഴ്ചയിൽ ഒരുദിവസം)അതിന്റെ ഉത്തരം കണ്ടെത്തുന്ന കുട്ടികൾ അവ ഒരു പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.അന്ന് വൈകുന്നേരം ഉത്തരം പരിശോധിക്കുകയും ശരിയുത്തരം എഴുതിയ കുട്ടികളുടെ പേര് ഉൾപ്പെടുത്തി നറുക്ക് എടുക്കുകയും അതിൽ ഒരാൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു.ശരിയുത്തരം എഴുതിയ എല്ലാ കുട്ടികളുടേയും പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## VIII ശാസ്ത്രം

**ലക്ഷ്യം 1.*ശാസ്ത്ര പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന പരീക്ഷണങ്ങൾ ചെയ്യുന്നതിന് പ്രാവീണ്യം നേടുക***

*പ്രവർത്തനം*

- പരീക്ഷണ ശാല -
ശാസ്ത്ര പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്യുകയും അവ എങ്ങിനെ നടത്തണമെന്ന് ക്ലാസ് അടിസ്ഥാനത്തിൽ ചർച്ചചെയ്യുകയും ചെയ്യുക.ആവശ്യമായ സാധന സാമഗ്രി കൾ കണ്ടെത്തുക.സ്വന്തമായും ഗ്രൂപ്പായും അധ്യാപകന്റ സഹായത്തോടെയും

ചെയ്യുക .പരീക്ഷണ ങ്ങൾ ചെയ്യുന്നതിന്റെ നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക.ഇത് അധ്യാപകൻ പരിശോധിക്കുകയും നല്ല പരീക്ഷണകുറിപ്പിന് പ്രോൽസാഹന സമ്മാനം നൽകുകയും ചെയ്യുക.സമാനമായ മറ്റു പരീക്ഷണങ്ങൾ ചെയ്യുവാൻ കഴിവുള്ളവരെ പ്രോൽസാഹിപ്പിക്കുക.

**ലക്ഷ്യം 2-ലഘു ശാസ്ത്ര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ചെയ്യുന്നതിനുമുള്ള കഴിവ് വളർത്തുക.**

*പ്രവർത്തനം*

പാഠപുസ്തകത്തിൽ സാധ്യതയുള്ള പ്രോജക്ടുകൾ ലിസ്റ്റ് ചെയ്യുകയും കുട്ടികളെ മുഴുവൻ വിവിധ ഗ്രൂപ്പുക ളാക്കി (V,VI,VII ക്ലാസുകൾ) അവർക്ക് പ്രോജക്ടുകൾ വീതിച്ചു നൽകുകയും ചെയ്യുക.ഇവ ഏറ്റെടുത്തു ചെയ്യുന്നതിനുള്ള സഹായം അതാതു ശാസ്ത്രാധ്യാപകർ നൽകുന്നു.ഒരു

വേദിയിൽ വച്ച് പ്രോജക്റ്റ്അവതരിപ്പിക്കയും മറ്റു കുട്ടികൾ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു.മികച്ച പ്രോജക്റ്റിന് അംഗീ കാരം നൽകുകയും സമ്മാനം നൽകുകയും ചെയ്യുന്നു.

ലക്ഷ്യം 3-*ലഘു ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള കഴിവ് ഉണ്ടാവുക*

*പ്രവർത്തനം*

ലഘു ഉപകരണങ്ങൾ നിർമ്മിക്കുവാൻ കഴിവുള്ള ചില കുട്ടികൾ ഉണ്ട്. അവരെ പങ്കെടുപ്പിച്ചു കൊണ്ട് spot competition- ലൂടെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള അവസരം നൽകുന്നു.നിർമ്മിച്ച ഉപകരണങ്ങളുടെ ലഘു കുറിപ്പ് എഴുതുന്നതിന് ആവശ്യപ്പെ ടുക.ഉപ കരണങ്ങളുടെ പ്രദർശനം നടത്തുകയും പ്രവർത്തനം വിശദീകരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്യുന്നു . മികച്ച ഉപകരണത്തിന് സമ്മാനം നൽകുന്നു.

ലക്ഷ്യം 4-*ലാബിലുള്ള ഉപകരണങ്ങളെ പരിചയപ്പെടുകയും അവയുടെ പ്രദർശനം സംഘടിപ്പിക്കുകയും ഉപയോഗം എന്താണെന്ന് തിരിച്ചറിയുകയും ചെയ്യുക*

*പ്രവർത്തനം*

ലാബിലുള്ള എല്ലാ ഉപകരണങ്ങളും കുട്ടികളെ പരിചയപ്പെടുത്തികൊടുക്കുന്നതിനായി പിയർ ഗ്രൂപ്പിന് പരിശീലനം നൽകുക.ഇവരുടെ സഹായത്തോടെ എല്ലാ ഉപകരണങ്ങളും എല്ലാവർക്കും പരിചയപ്പെടുത്തുന്നു.

## IX സാമൂഹ്യ ശാസ്ത്രം

ലക്ഷ്യം 1.*സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ പ്രോജക്റ്റ്, സെമിനാർ എന്നിവയിലൂടെ സ്വായത്തമാക്കാൻ സഹായിക്കുക.*

*പ്രവർത്തനം*

പാഠഭാഗങ്ങൾ പരിശോധിച്ച് പ്രോജക്റ്റ് ,സെമിനാർ എന്നിവയ്ക്ക് അനുയോജ്യമായ വിഷയങ്ങൾകണ്ടെത്തുകയും ഇവ ചെയ്യുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യണം.ഇതിനായി സബ്ജക്റ്റ് കൗൺസിൽ ചേർന്ന് വിഷയങ്ങൾ കണ്ടെത്തുകയും അവ

കുട്ടികൾക്ക് നൽകുകയും ചെയ്യുന്നു.

ലക്ഷ്യം 2.*മാനവിക മൂല്യങ്ങൾ , ദേശ ഭക്തി തുടങ്ങിയ കാര്യങ്ങളിൽ കുട്ടികൾക്ക് അവബോധം വളർത്തുക*

*പ്രവർത്തനം*

- ബോധവൽക്കരണ ക്ലാസ് - പ്രസ്തുത വിഷയത്തിൽ വിദഗ്ധരെകൊണ്ട് ക്ലാസെടുപ്പിക്കുകയും ദേശഭക്തി ഗാനങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യുന്നു.ദേശഭക്തി പ്രധാനമായ ഡോക്യുമെന്ററി ചരിത്ര സംഭവങ്ങൾ തുടങ്ങിയവ കാണിക്കുകയും ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു.സ്വാതന്ത്ര്യ സമര സേനാനികളുമായി അഭിമുഖം സംഘടിപ്പിക്കുന്നു.

ലക്ഷ്യം 3-*സാമൂഹ്യ ശാസ്ത്ര ലാബ് നിർമ്മിക്കുന്നതിനും അതിലൂടെ പഠനം രസകരമാക്കുന്നതിനും സാധിക്കുക*

*പ്രവർത്തനം*

ചരിത്ര പുസ്തകങ്ങൾ,മാപ്പുകൾ,അറ്റ്ലസ് ,ഗ്ലോബ് പഠനോപകരണങ്ങൾ C D തുടങ്ങിയവ ഉപയോഗപ്പെടുത്തിക്കൊണ്ട് വിപുലമായ ഒരു ശാസ്ത്ര ലാബ് നിർമ്മിക്കുകയും അതിലുള്ള ഉപകരണങ്ങളെപ്പറ്റികുട്ടികൾ തന്നെ മറ്റുള്ളവർക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുന്നു. പഠനോപകരണ നിർമ്മാണശില്പശാല നടത്തി ഉണ്ടാക്കുന്ന ഉപകരണങ്ങൾ കൂടി ലാബിൽ പ്രദർശിപ്പിക്കുന്നു.വ്യത്യസ്തമായ ഏതെങ്കിലും ഉപകരണങ്ങൾ നിർമ്മിക്കുന്ന കുട്ടികളുണ്ടെങ്കിൽ അവർക്ക് പ്രത്യേക സമ്മാനം നൽകുന്നു.

ലക്ഷ്യം 4-*ഭൂ-ജല വിഭവ ശോഷണത്തിന് കാരണമായ വസ്തുതകൾ കണ്ടെത്തി അത് തടയാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക*

*പ്രവർത്തനം*

മണ്ണെടുത്ത പ്രദേശങ്ങളിലും വയൽ നികത്തിയ പ്രദേശങ്ങളിലും ജലദൗർലഭ്യമുണ്ടോ എന്ന് പരിശോ ധിക്കുന്നതിനുള്ള പ്രോജക്റ്റ് ചെയ്യുന്നു.ഇതിൽനിന്നും മനസ്സിലാക്കിയ കാര്യങ്ങൾ പൊതുചർച്ചയ്ക്ക് വിധേയമാക്കുന്നു.ആവശ്യമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

## X പരിസ്ഥിതി

*ലക്ഷ്യം 1-പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവാന്മാരാവുക*

*പ്രവർത്തനം*

-ഫീൽഡ് ട്രിപ്പ് -
കുട്ടികൾക്ക് പോകാൻ കഴിയുന്ന ചില ആവാസ വ്യവസ്ഥകൾ സന്ദർശിക്കുകയും ജീവീയ -അജീവീയ ഘടകങ്ങളുടെ പരസ്പര ബന്ധം കണ്ടെത്തുകയും ചെയ്യുന്നു.പരിസ്ഥിതിയുമായി ജീവികൾക്ക് നേരിട്ടുള്ള ബന്ധം അനുഭവിച്ചറിയുന്നു.പരിസ്ഥിതിയുടെ ആരോഗ്യകരമായ അവസ്ഥ ജീവികളുടെ നിലനില്പിന് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയുന്നു. പരിസ്ഥിതിയെ ദോഷകരമായി സ്വാധീനിക്കുന്ന ഘടക ങ്ങൾ തിരിച്ചറിയാനും അവ ഇല്ലാതാക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാ വാനും കുട്ടികളെ സജ്ജമാക്കുന്നു.ഇതിലൂടെ വീടിന്റേയും സ്കൂളിന്റേയും പരിസരം ശുചിയായി സൂക്ഷി ക്കുന്നതിനും പരിസര മലിനീകരണം തടയുന്നതിനും അവർ സന്നദ്ധരാകുന്നു.

ലക്ഷ്യം 2-*Plastic, E-Waste ഭീകരതയ്ക്ക് എതിരെ പോരാടുക*

*പ്രവർത്തനം*

- പ്രോജക്റ്റ് -
Plastic, E-Waste എന്നിവ പ്രകൃതിയെ എങ്ങിനെ മലിനമാക്കുന്നുവെന്ന് പഠിക്കുന്നതിനുള്ള പ്രോജക്റ്റ് ചെയ്യുന്നു.ഇവ പൊതു വേദിയിൽ ചർച്ചചെയ്യുന്നു.ഇത്തരം മാലിന്യങ്ങൾക്കെതിരെ പോരാടുന്നതിന് കുട്ടികൾ ശ്രമിക്കുന്നു.

*ലക്ഷ്യം 3-മാലിന്യ നിർമ്മാർജനത്തിനായുള്ളപോസ്റ്റർ പ്രചരണത്തിൽ പങ്കാളി കളാവുക*

*പ്രവർത്തനം*

മേൽപറഞ്ഞ വെയിസ്റ്റ് പ്രകൃതിയിലും ജീവികളിലും ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ സൂചിപ്പിക്കുന്ന തരത്തിലുള്ള പെയിന്റിംഗ് മൽസരം സംഘടിപ്പിക്കുന്നു.നന്നായി വരച്ച കുട്ടികളുടെ

പെയിന്റിംഗ് പോസ്റ്റർ പ്രചരണത്തിനായി ഉപയോഗിക്കുന്നു.നന്നായി പെയിന്റിംഗ് നടത്തുന്നവർക്കായി വൈവിധ്യമാർന്ന വിഷയങ്ങൾ നൽകി പെയിന്റിംഗിൽ വിദഗ്ധരാക്കി മാറ്റുന്നു.ഇതിനായി വിദഗ്ധരുടെ സേവനം തേടുന്നു.

## XI ആരോഗ്യം

ലക്ഷ്യം 1-*വ്യക്തിശുചിത്വത്തെപ്പറ്റി ബോധവാന്മാരാവുക*

*പ്രവർത്തനം*

-വ്യക്തി ശുചിത്വം ആരോഗ്യത്തിന്-

വ്യക്തി ശുചിത്വത്തിന്റെ ആവശ്യകത വിളിച്ചോതുന്ന ക്ലാസുകൾ സംഘടിപ്പി ക്കുന്നു. ആരോഗ്യപ്രവർത്തകരെ സ്കൂളിൽ വിളിച്ചുവരുത്തി പരിശോധന നടത്തുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.കുട്ടികൾ കൂടുതലായി അനുഭവിക്കുന്ന പ്രയാസങ്ങൾ പല്ല്,ചെവി, കണ്ണ് തുടങ്ങിയ അവയവങ്ങൾക്കാണ് .ഇവ പരിശോധിക്കുന്ന പ്രത്യേക ക്യാമ്പുകൾ സംഘടി പ്പിക്കുകയും വൈകല്യം കണ്ടെത്തുകയും ചെയ്യുന്നു.

ലക്ഷ്യം 2-*ആരോഗ്യശീലങ്ങളെക്കുറിച്ച് അറിവ് നേടുകയും ജീവിത ശൈലീ രോഗങ്ങൾ ഇല്ലാതാക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക*

*പ്രവർത്തനം*

- ആഹാരം ആരോഗ്യത്തിന് -

ആവശ്യത്തിന് ആഹാരം കഴിക്കേണ്ടതിന്റെ ശാസ്ത്രീയത എന്താണെന്ന് ദഹനേന്ദ്രിയ വ്യവസ്ഥ പരിചയപ്പെടുത്തിക്കൊണ്ട് എല്ലാ കുട്ടികൾക്കും ക്ലാസ് നൽകുന്നു.വിവിധ വ്യവസ്ഥകളെക്കുറിച്ചും ഹോർമ്മോൺ ഉൽപ്പാദനത്തെക്കുറിച്ചും വ്യക്തമായ ക്ലാസ് നൽകുകയും വിവിധ പോഷക ആഹാരങ്ങൾ കഴിക്കണമെന്ന് മനസ്സിലാക്കുകയുംചെയ്യുന്നു.ആഹാരത്തിലെ മായം ശരീരത്തിലെ ഏതെല്ലാം ഭാഗങ്ങളെ ബാധിക്കുന്നുവെന്ന കാര്യവും ക്ലാസിലൂടെ നൽകുന്നു.നല്ല ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ ഈ ക്ലാസ് ഉപകരിക്കുന്നു.Fast food ,Junk Food,Packet Food തുടങ്ങിയവയിൽ ഒളിഞ്ഞിരിക്കുന്ന ഭീകരത കുട്ടികൾക്ക് അനുഭവ വേദ്യമാക്കിക്കൊടുക്കുന്നു.

## XII സ്പോർട്സ്

ലക്ഷ്യം 1-*എല്ലാ കുട്ടികളും വ്യായാമ മുറ ശീലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക*

*പ്രവർത്തനം*

- ആരോഗ്യമുള്ള ശരീരം ഉണർന്നിരിക്കുന്ന മനസ്സ് -
**കായികാധ്യാപകന്റെ സഹായത്താൽ സ്കൂളിലുള്ള എല്ലാ കുട്ടികളേയും വ്യായാമത്തിന്റെ ബാലപാഠം പഠിപ്പിക്കുന്നു.ദിവസവും രാവിലെ വ്യായാമം ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടു ത്തുന്നു. വ്യത്യസ്തമായ വ്യായാമ മുറകൾ പരിചയപ്പെടുത്തുന്നു.കുട്ടികൾ വീട്ടിൽനിന്ന് വ്യായാമം ചെയ്യുന്നുണ്ടെ ന്ന് ഉറപ്പിക്കുന്നു.**

ലക്ഷ്യം 2 – *അത് ലറ്റിക്സിൽ കഴിവുള്ളവരെ പരിശീലിപ്പിക്കുക.*

*പ്രവർത്തനം*

**എല്ലാ കുട്ടികളേയും ഓട്ടമത്സരത്തിൽ പങ്കെടുപ്പിക്കുന്നു.കഴിവുള്ളവരെ കണ്ടെത്തുന്നു.ഇവർക്ക് പ്രത്യേക പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നു.അത് ലറ്റിക്സിൽ അവരെ മികവുറ്റ താക്കുന്നു.**

ലക്ഷ്യം 3 -*വോളീബോൾ കോച്ചിംഗ് ക്യാമ്പ്*

*പ്രവർത്തനം*

**വോളീബോൾ കളിക്കുന്നതിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധകോച്ചിന്റെ സഹായ ത്താൽ പരിശീലനം നൽകുന്നു.ഭാവിയിൽ നല്ല വോളീബോൾ കളിക്കാരായി മാറ്റിയെടുക്കുന്നതിനുള്ള ബാലപാഠങ്ങളാണ് ഇവർക്ക് നൽകുന്നത്.**

ലക്ഷ്യം 4 – ചെസ്സ് പരിശീലനം

<u>*പ്രവർത്തനം*</u>

കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ചെസ്സ് മൽസരം നടത്തുന്നു.നന്നായി കളിക്കുവാൻ കഴിവുള്ള കുട്ടികളെ കളിപരിശീലിപ്പിക്കുന്നു.അവർക്ക് കളി പരിശീലിക്കുന്നതിനാവശ്യമായ ചെസ്സ് ബോർഡുകൾ സംഘടിപ്പിക്കുന്നു.ജില്ലാ തലത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകുന്നു.

## XIII ലൈബ്രറി ശാക്തികരണം

ലക്ഷ്യം 1 – *ലൈബ്രറി പുസ്തകങ്ങളോട് കുട്ടികൾക്ക് താൽപ്പര്യം വർദ്ധിപ്പിക്കുക.*

<u>*പ്രവർത്തനം*</u>

- ലൈബ്രറി ശേഖരണം -

ഓരോ കുട്ടിയും തന്റെ വീട്ടിൽനിന്നും അയൽപക്കങ്ങളിൽനിന്നും മറ്റുമായി ലൈബ്രറി ശേഖരിക്കുന്നു.ഗ്രൂപ്പുകളായി പുസ്തകങ്ങൾ ലഭിക്കാവുന്ന വീടുകളിൽ സ്ക്വോഡ് വർക്ക് നടത്തിയും പുസ്തകങ്ങൾ ശേഖരി ക്കുന്നു.ഓരോ ക്ലാസിലേയും കുട്ടികൾ ൊണ്ടുവന്ന പുസ്തകങ്ങൾ ചേർത്ത് ഒരു ക്ലാസ് ലൈബ്രറിക്ക് രൂപം കൊടുക്കുന്നു.വായനയ്ക്ക് അനുയോജ്യമായ പുസ്തകങ്ങൾ ഇല്ലെങ്കിൽ സ്കൂൾ ലൈബ്രറിയിൽനിന്ന്പുസ്തകങ്ങൾ നൽകുന്നു.പൂർവ്വ വിദ്യാർത്ഥികളിൽനിന്നും സ്പോൺസർ ഷിപ്പിലൂടെയും പുസ്തകങ്ങൾ ശേഖരിക്കുന്നു.ഇങ്ങിനെ വലിയൊരു പുസ്തകശേഖരം സാദ്ധ്യമാ ക്കുകയും സ്റ്റോക്ക് രജിസ്റ്റർ ഉണ്ടാക്കി ക്ലാസിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ക്ലാസിലുള്ള ഒരു കുട്ടിയെ ലൈബ്രേറിയൻ ആക്കിക്കൊണ്ട് പുസ്ത കങ്ങൾ കുട്ടികൾക്ക് നൽകുന്നതിനും അങ്ങിനെ പുസ്തകങ്ങളെ സ്നേഹിക്കുന്ന ഒരു ക്ലാസിനെ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു.ഒഴിവ് സമയങ്ങൾ പുസ്തക വായനക്ക് ഉപയോഗപ്പെടുത്താൻ ഇങ്ങ നെ സാധ്യ മാകുന്നു.വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി വായനാ കുറിപ്പ്,ആസ്വാദന കുറിപ്പ് ു‍തുടങ്ങിയവ ഉണ്ടാക്കുന്നതിനും നല്ല വായനാ കുറിപ്പിന് സമ്മാനം നൽകുകയും ചെയ്യുന്നു.

**ലക്ഷ്യം 2 -സർഗാത്മക ചിന്ത വളർത്തുക**

*<u>പ്രവർത്തനം</u>*

**കുട്ടികൾ വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ സംഘടിപ്പിക്കുകയും കഥാപാത്ര നിരൂപണം നടത്തുകയും ചെയ്യുന്നു.കഥാരചന,കവിതാ രചന തുടങ്ങിയ മൽസരങ്ങൾ നടത്തി അതിൽ രചനകൾക്ക് സമ്മാനം നൽകുകയും ഇവ 'കിളിവാതിൽ' എന്ന സ്കൂൾ പ്രസിദ്ധീ കരണത്തിൽപ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.**